14296
23/7/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ല -അടിയന്തിര ധനസഹായം വിതരണം- ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ചും തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

റവന്യൂ (ഡി ആർ എഫ് - എ ) വകുപ്പ്

**ജി.ഒ.(ആർ.റ്റി) നമ്പർ : 2764 /2018/റവ. തിരുവനന്തപുരം തീയതി, 11.07.2018.**

=====================================================================

പരാമർശം :- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20.02.2018 ലെ എ 5-55699/2016 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരംജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കരകുളം വില്ലേജിൽ പത്രോസ് മകൻ മണിരാജ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കവെ ആഴക്കടലിൽ വച്ച് മരണം സംഭവിച്ചതിനെത്തുടർന്ന് മൃതശരീരം കണ്ണൂരിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽഎത്തിക്കുന്നതിനായി ആംബുലൻസ് ,മൊബൈൽ മോർച്ചറി എന്നിവയുടെ വാടകയിനത്തിൽ 17000/- രൂപ നെയ്യാറ്റിൻകര തഹസിൽദാരുടെ ദുരിതാശ്വാസനിധിയിൽ നിന്നുംആംബുലൻസ് ഡ്രൈവർക്ക് നൽകിയെന്നും ടി തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിന്നും തഹസിൽദാർക്ക് നൽകിയെന്നും ആയതിനാൽ ജില്ലാ കളക്ടറുടെ ടി നടപടി സാധൂകരിച്ചും തുക അനുവദിച്ചും ഉത്തരവാകണമെന്ന് പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ അപേക്ഷിച്ചിരിക്കുന്നു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കവെ ആഴക്കടലിൽ വച്ച് മരണം സംഭവിച്ച മണിരാജിന്റെ മൃതശരീരം കണ്ണൂരിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിക്കുന്നതിനായി ആംബുലൻസ് , മൊബൈൽ മോർച്ചറി എന്നിവയുടെ വാടകയിനത്തിൽ ചെലവായ 17000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചും ജില്ലാ കളക്ടറുടെ മേൽ നടപടിക്രമം സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി 17000/-രൂപ (പതിനേഴായിരം രൂപ) 2075-00-800-40 Contribution to Chief Minister's Distress Relief Fund(NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക്

അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ ,തിരുവനന്തപുരം
തഹസിൽദാർ ,നെയ്യാറ്റിൻകര
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.